# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുണാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ഐ ഡി കെ 12-1169/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 17/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഐ ഡി കെ 12-1169/2021 തീയ്യതി: 17/03/2022

## ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 29-11-2021 | 09-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 29-11-2021 | 09-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. മെജോ കെ. ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. എബി എബ്രാഹം, സീനിയർ ഗ്രേഡ് ഓഡിറ്റർ (02.12.2021 വരെ മാത്രം)

ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ (04.12.2021 വരെ മാത്രം)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ശിവപ്രസാദ് കെ എ | പ്രസിഡന്റ് | 01-04-2019 | 01-08-2019 |
| ശ്രീമതി ജസ്സിമോൾ കുര്യൻ | പ്രസിഡന്റ് | 02-08-2019 | 30-08-2019 |

| | | | |
|---|---|---|---|
| ശ്രീ ടോമി പ്ലാവുവച്ചതിൽ | പ്രസിഡന്റ് | 31-08-2019 | 31-03-2020 |
| ശ്രീ ബ്രൈറ്റ്മോൻ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 16-07-2019 |
| ശ്രീ സുനിൽ സെബാസ്റ്റ്യൻ | സെക്രട്ടറി | 17-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അശ്വതി ടി വാസു | കൃഷി ഓഫീസർ | 01-04-2019 | 23-09-2019 |
| ശ്രീമതി അമ്പിളി സദാനന്ദൻ | കൃഷി ഓഫീസർ | 24-09-2019 | 26-09-2019 |
| ശ്രീ ഷീൻ ജോൺസ് | കൃഷി ഓഫീസർ | 27-09-2019 | 03-10-2019 |
| ശ്രീ നിതിൻകുമാർ എസ് | കൃഷി ഓഫീസർ | 04-10-2019 | 31-03-2020 |
| ശ്രീ മനോജ് എ സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി അജിത പി കുമാരൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 23-07-2019 |
| ശ്രീ സുനിൽകുമാർ വി കെ | അസിസ്റ്റന്റ് എൻജിനീയർ | 24-07-2019 | 05-09-2019 |
| ശ്രീ സൈജു ടി | അസിസ്റ്റന്റ് എൻജിനീയർ | 06-07-2019 | 31-03-2020 |
| ശ്രീമതി അന്നമ്മ കെ സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ നിജിൻ ജോസ് | വെറ്ററിനറി സർജൻ | 01-04-2019 | 25-01-2020 |
| ഡോ കാർത്തിക സനൽ | വെറ്ററിനറി സർജൻ | 26-01-2020 | 31-03-2020 |
| ഡോ. ബിജു ഫിലിപ്പ് | മെഡിക്കൽ ഓഫീസർ (പി. എച്ച് സി) | 01-04-2019 | 31-01-2020 |
| ഡോ വിനീത പി സൈമൺ | മെഡിക്കൽ ഓഫീസർ (പി. എച്ച് സി ) | 01-02-2020 | 31-03-2020 |
| ശ്രീ ബ്രൈറ്റ്മോൻ പി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ബിനാഷ് തോമസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-02-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 22-02-2022) | 1-3 |
| 4 | റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 48.87ശതമാനം മാത്രം- 1.54 കോടി ലാപ്സായി<br>Written By: Majo K George (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-02-2022) | 1-3-1 |
| 5 | റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 47.54 ശതമാനം മാത്രം- ₹ 29.07 ലക്ഷം ലാപ്സായി<br>Written By: Majo K George (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 22-02-2022) | 1-3-2 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-3-3 |
| 7 | പദ്ധതി അവലോകനം<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 10-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Joseph Chacko (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-6 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 16-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-7 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 10-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-8 |
| 12 | പ്രതിമാസ, വാർഷിക റിക്കൺസിലിയേഷൻ നടത്തുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-9 |
| 13 | ലൈസൻസ് ഫീസിനത്തിൽ കുടിശ്ശിക അവശേഷിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 07-02-2022)<br>Last Updated By: C R Beenakumary (Deputy Director, On 16-03-2022) | 1-10 |
| 14 | വസ്തു നികുതിയിനത്തിൽ കുടിശ്ശിക<br>Written By: DENNIS JOSEPH (Auditor, On 07-02-2022)<br>Last Updated By: C R Beenakumary (Deputy Director, On 16-03-2022) | 1-11 |
| 15 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അധിക തുക അനുവദിച്ചിരിക്കുന്നു<br>Written By: T.S.Dhanajayan (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-12 |
| 16 | പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ-കാലിവീപ്പയുടെ വില ഈടാക്കിയില്ല, നിയമാനുസൃത പിഴപ്പലിശ ഈടാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 09-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-13 |
| 17 | ജൈവവള വിതരണം-കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതുമൂലം ₹350000/- അധിക ചെലവ്<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 18-03-2022) | 1-14 |

| | | |
|---|---|---|
| 18 | പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം-ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കി-₹19140/- അധിക ചെലവ്<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-15 |
| 19 | പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം-ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കി<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 18-03-2022) | 1-16 |
| 20 | ഗാർഹിക ടോയ്‌ലറ്റ് അറ്റകുറ്റപണി, അധിക തുക നൽകിയത് - നിരാകരണം ₹7200/-<br>Written By: Eby Abraham (Senior Grade Auditor, On 04-12-2021)<br>Last Updated By: C R Beenakumary (Deputy Director, On 16-03-2022) | 1-17 |
| 21 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 22-02-2022) | 1-18 |
| 22 | പൂർണ്ണമായ ഫയൽ ഹാജരാക്കാത്തത് സംബന്ധിച്ച്, തടസ്സം ₹17,49,600/-<br>Written By: Eby Abraham (Senior Grade Auditor, On 12-12-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 11-03-2022) | 1-19 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി-അപാകങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 11-03-2022) | 1-20 |
| 24 | മിനിമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 13-12-2021)<br>Last Updated By: C R Beenakumary (Deputy Director, On 16-03-2022) | 1-21 |
| 25 | കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം -കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല<br>Written By: T.S.Dhanajayan (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-22 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല-വാർഷിക കണക്കുകളിലെ തുകകളിൽ വ്യക്തതയില്ല<br>Written By: Majo K George (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം – അധിക തുക നൽകിയിരിക്കുന്നു<br>Written By: T.S.Dhanajayan (Audit Officer, On 11-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 3-1 |
| 2 | പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ-കാലിവീപ്പയുടെ വില ഈടാക്കിയില്ല, നിയമാനുസൃതം ഈടാക്കേണ്ട പിഴപ്പലിശ ഈടാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 11-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 21-03-2022) | 3-2 |
| 3 | പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം-ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കി-₹19140/- അധിക ചെലവ്<br>Written By: T.S.Dhanajayan (Audit Officer, On 11-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 18-03-2022) | 3-3 |
| 4 | ജൈവവള വിതരണം-കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതുമൂലം ₹350000/- അധിക ചെലവ്<br>Written By: T.S.Dhanajayan (Audit Officer, On 11-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 3-4 |
| 5 | ഗാർഹിക ടോയ്‌ലറ്റ് അറ്റകുറ്റപണി, അധിക തുക നൽകിയത്- നഷ്ടം ₹7200/<br>Written By: Eby Abraham (Senior Grade Auditor, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 3-5 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-02-2022) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 22-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 22-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: DENNIS JOSEPH (Auditor, On 13-12-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 22-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

26.02.2019 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹7,191,348/- മുന്നിരിപ്പും ₹402,713,000/- വരവും ₹401,266,441/- ചെലവും ₹8,637,907/- മിച്ചവും വരുന്ന 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 28.01.2019 ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

09.03.2020 ലെ 9-9 തീരുമാന പ്രകാരം ₹11,391,348/-മുന്നിരിപ്പും ₹409,796,459/- വരവും ₹413,598,278/- ചെലവും ₹7,289,529/- മിച്ചവും വരുന്ന 2019-20 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ് അംഗീകാരം നേടിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 14.02.2020-ൽ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.05.2020 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 17958000 | 17958000 | 17933000 | 25000 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4536000 | 4536000 | 4359529 | 176471 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 160000 | 160000 | 145294 | 14706 | |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 0 | 13729384 | 13729384 | 5031388 | 8697996 | |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 30024000 | 30024000 | 14672467 | 15351533 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 5543000 | 5543000 | 2635204 | 2907796 | |
| ടോട്ടൽ സാനിറ്റേഷൻ | 2196240 | 394000 | 2590240 | 893618 | 1696622 | |
| ഐ.സി.ഡി.എസ് | 482337 | 1082901 | 1565238 | 1136705 | 428533 | |
| ശബരിമല | 213747 | 500000 | 713747 | 184181 | 529566 | |
| ടൊയ്ലെറ്റ് | 12000 | 0 | 12000 | 0 | 12000 | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| ആശ്രയ ചലഞ്ച് | 0 | 856686 | 856686 | 856686 | 0 | |
| ജലനിധി | 1424211 | 0 | 1424211 | 0 | 1424211 | |
| ജലനിധി പലിശ | 680564 | 66258 | 746822 | | 746822 | |
| ബഡ്സ് | 1250000 | 0 | 1250000 | 1250000 | 0 | തിരികെ ഒടുക്കി |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ് ) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | ലൈഫ് ലോൺ | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 17958000 | 3485294 | 14472706 |
| വികസനഫണ്ട് (SCP) | 4536000 | 176471 | 4359529 |
| വികസനഫണ്ട് (TSP) | 160000 | 14706 | 145294 |

### 1-3-1 റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 48.87ശതമാനം മാത്രം- 1.54 കോടി ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹30024000/- ൽ ₹14672467/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 48.87 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച 63.35ലക്ഷം രൂപയുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹15351533/- ലാപ്സായി.

### 1-3-2 റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 47.54 ശതമാനം മാത്രം- ₹ 29.07 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹5543000/- ൽ ₹2635204/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 47.54 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച 2.92 ലക്ഷം രൂപയുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹2907796/- ലാപ്സായി.

### 1-3-3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി ഹോണറേറിയം വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ സ്രോതസ്സ് തിരിച്ച് ലഭ്യമല്ല.

### 1-4 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 174852591 | 110 | 112524521 | 0 | 102 | 51.88 |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയ്ക്ക് 2018 ഡിസംബർ മാസം തന്നെ അംഗീകാരം ലഭിച്ചിരുന്നു. 14.44 കോടി രൂപ അടങ്കലിൽ 143 പ്രോജക്ടുകളാണ് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 3.03 കോടി രൂപ അടങ്കലിൽ 69 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2019 ജൂണിൽ പദ്ധതി പരിഷ്കരിച്ചു. 17.48കോടി രൂപയുടെ 2019-20 വാർഷിക പദ്ധതിയിൽ കേവലം 11.25 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 212 പ്രോജക്ടുകളിൽ 51.88 ശതമാനം മാത്രമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 4 | 4 | 100 | 1900000 | 1766589 | 92.97 |

| | | | | | | |
|---|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100 | 2500000 | 953291 | 38.13 |
| കൃഷി ഓഫീസർ | 4 | 4 | 100 | 3867500 | 3024769 | 78.20 |
| സെക്രട്ടറി | 32 | 15 | 46.87 | 22134933 | 11903045 | 53.77 |
| വി.ഇ.ഒ | 8 | 7 | 87.5 | 65868231 | 62686094 | 95.16 |
| വെറ്ററിനറി സർജൻ | 5 | 4 | 80 | 1670000 | 999706 | 59.86 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 147 | 65 | 44.21 | 65901927 | 22324375 | 33.89 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 100 | 5426000 | 4439096 | 81.81 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 87.5 | 5584000 | 4427556 | 79.29 |
| ആകെ | 212 | 110 | 51.89 | 174852591 | 112524521 | 64.35 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 201 പ്രോജക്ടുകളിൽ 100എണ്ണം നടപ്പാക്കിയിട്ടുണ്ട്. ചെലവ് 63.83 ശതമാനം. പട്ടികജാതി വിഭാഗത്തിൽ 7 ൽ 6 പ്രോജക്ടുകളും പട്ടിക വർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 4 പ്രോജക്ടുകളും നടപ്പാക്കി.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 14 | 11 | 78.57 | 12104278 | 7225451 | 59.69 |
| സേവനം | 86 | 46 | 53.48 | 115646662 | 85229851 | 73.69 |
| പശ്ചാത്തലം | 112 | 53 | 47.32 | 47101651 | 20069219 | 42.61 |
| ആകെ | 212 | 110 | 51.89 | 174852591 | 112524521 | 64.35 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10352 | 1671000 | 1681352 | 1679083 | 2269 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 76698083 | 76698083 | 76698083 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1668600 | 232 |
| വിധവ പെൻഷൻ | 8728800 | 1256 |
| വാർദ്ധക്യകാല പെൻഷൻ | 16082100 | 2148 |
| വികലാംഗപെൻഷൻ | 2433900 | 274 |
| അവിവാഹിതർക്കുള്ള പെൻഷൻ | 103800 | 12 |
| തൊഴിൽ രഹിത വേതനം | 58200 | 58 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3323/- (മൂവായിരത്തി മുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം-

3 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 2 ഓഫീസ് അറ്റൻഡന്റ്മാരും 2പാർട്ട് ടൈം സ്വീപ്പർമാരും 1 അക്കൗണ്ടന്റും 1 ഹെഡ് ക്ലാർക്കും 1 അസിസ്റ്റന്റ് സെക്രട്ടറിയും 1 സെക്രട്ടറിയും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

6. ഫ്രണ്ട് ഓഫീസ് പ്രവർത്തനം.

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു

സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ- സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ – ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ചു നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി- ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

## 1-9 പ്രതിമാസ, വാർഷിക റിക്കൺസിലിയേഷൻ നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2019 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2019-20 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-10 ലൈസൻസ് ഫീസിനത്തിൽ കുടിശ്ശിക അവശേഷിക്കുന്നു

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ ചട്ട പ്രകാരം ഈടാക്കേണ്ട ഫീസിനത്തിൽ 4985 രൂപ മുൻവർഷ കുടിശ്ശിക അവശേഷിക്കുന്നു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ആയതിനാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വസ്തു നികുതിയിനത്തിൽ കുടിശ്ശിക

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷങ്ങളിൽ വസ്തു നികുതിയിനത്തിൽ റെസിഡൻഷ്യൽ വിഭാഗത്തിൽ 91046.15/- രൂപയും നോൺ റെസിഡൻഷ്യൽ വിഭാഗത്തിൽ 309096/- രൂപയും കുടിശ്ശികയായി അവശേഷിക്കുന്നു. കുടിശ്ശികകൾ കാലഹരണപ്പെടാതെ പിരിച്ചെടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അധിക തുക അനുവദിച്ചിരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി എഞ്ചിനീയർ |
| പ്രോജക്റ്റ് നം | 32/19 |
| അടങ്കൽ | ₹3841250/- (വികസനഫണ്ട്-പൊതുവിഭാഗം) |
| കരാറുകാരൻ | ശ്രീ രാജേന്ദ്രൻ ടി വി |
| അളവ് ബുക്ക് | 8/18-19 |
| കരാർ നം/ തുക | 64/17-18/AE/KPM Dt. 28.02.2018 ₹3749786.54 |
| ബിൽ നം. തുക | 1810045201270066333/തീയതി 17.10.18 ₹1635141/-<br>181004520127001010251/തീയതി 29.12.18-₹579223/-<br>19100452012700364607/തീയതി 20.07.19 -₹1549263/- |

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടറിൽ പങ്കെടുത്തവരുടെ വിവരങ്ങളും ക്വോട്ട് ചെയ്ത നിരക്കുകളും ഫയലിൽ ലഭ്യമല്ല.

2. ആദ്യപാർട്ട് ബിൽ പ്രകാരം റീട്ടെൻഷൻ പിടിച്ച ₹163500/- ഫൈനൽബിൽ തയ്യാറാക്കിയപ്പോൾ കരാറുകാരന് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. റീട്ടെൻഷൻ പിടിച്ച തുക സെക്രട്ടറിയുടെ അക്കൌണ്ടിൽ നിക്ഷേപിച്ചതായാണ് ട്രഷറി ബിൽ പകർപ്പിൽ കാണുന്നത്.

3. അളവ് ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹3731565/- എന്നാൽ മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം

₹3763627/- ചെലവഴിച്ചിരിക്കുന്നു. ₹32062/- അധികമായി ചെലവ് ചെയ്തിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/2.12.2021 ന് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ ₹32062/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വികസന ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-13 പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ-കാലിവീപ്പയുടെ വില ഈടാക്കിയില്ല, നിയമാനുസൃത പിഴപ്പലിശ ഈടാക്കിയില്ല

താഴെപ്പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലിവീപ്പയുടെ വില ഈടാക്കാത്തതായും സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ നിയമാനുസൃതം ഈടാക്കേണ്ട പിഴപ്പലിശ ഈടാക്കാത്തതായും കാണുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കി പ്രൈസ് (PRICE ) സോഫ്റ്റ് വെയറിലാണ്. ഇതിൽ തയ്യാറാക്കിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ ഇത്തരം പ്രവൃത്തികളിൽ കാലിവീപ്പയുടെ മൂല്യം ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടിന്റെ ബില്ലിൽ നിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ, പേര് | കരുണാപുരം എൻ എസ് എസ് സ്കൂൾ -കമ്പംമെട്ട് റോഡ് ടാറിംഗ് 137/20 | മങ്കരപ്പടി മുട്ടാർ മെട്ട് റോഡ് ടാറിംഗ്.<br>140/20 |
| അടങ്കൽ തുക ₹ | ₹700000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | ₹700000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) |
| കരാറുകാരൻ | ശ്രീ ഫ്രാൻസിസ് പി സി | ശ്രീ ഫ്രാൻസിസ് പി സി |
| അളവു പുസ്തകം | 402/18 | 524/ |
| ആകെ ബിൽ തുക ₹ | 19100452012700044709/<br>5.04.2019- ₹699854/- | 19100452012700044712/<br>5.04.2019- ₹698595/- |
| SS1 ബിറ്റുമിൻ അളവു പുസ്തക പ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം)/വീപ്പകളുടെ എണ്ണം | 852.21 കി ഗ്രാം<br>852.21/200= 4.26 | 944.30കി ഗ്രാം<br>944.30/200= 4.72 |
| RS1 ബിറ്റുമിൻ അളവു പുസ്തക പ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം)/വീപ്പകളുടെ എണ്ണം | 275.715 കി. ഗ്രാം<br>275.175/182=1.51 | 305.51.കി. ഗ്രാം<br>305.51/182=1.679 |
| S-65(VG-30) ഉപയോഗിച്ച അളവ് (കി.ഗ്രാം)/ വീപ്പകളുടെ എണ്ണം | 2013.02<br>2013.02/156=12.904 | 2230.56കി.ഗ്രാം<br>2230.56/156=14.3 |
| ആകെ കാലിവീപ്പകൾ | 39 | |

I കാലിവീപ്പയുടെ വില.

ഒരു കാലിവീപ്പയുടെ മൂല്യം = ₹238/- + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 39 വീപ്പകളുടെ മൂല്യം =39x 238 = ₹9282/-

ബാധകമായ GST = (238 X 18% ) X 39 =₹1670.76/-

ആകെ=₹10952.76/-. അതായത്₹10953/-

തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(നം.5/തീ.02.12.2021 ) മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. ₹10953/- കരാറുകാരനിൽനിന്നോ, ബില്ലിൽനിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനീയറിൽ നിന്നോ ഈടാക്കി കാലിവീപ്പകളുടെ മൂല്യം മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

Ii പിഴപ്പലിശ ഈടാക്കിയില്ല.

മുകളിൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികളും സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല എന്നുമാത്രമല്ല താമസിച്ച് പൂർത്തികരിക്കുന്നതിന് കരാറിലെ വ്യവസ്ഥ 7 പ്രകാരം ഈടാക്കേണ്ട നിയമാനുസൃതമായ പിഴപ്പലിശ ഈടാക്കിയിട്ടുമില്ല. താമസിച്ച് പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ അനുവദനീയമായ കാലയളവ് കഴിഞ്ഞുള്ള ആദ്യ മൂന്ന് മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും പിഴപ്പലിശ ഈടാക്കേണ്ടിയിരുന്നു. ഓരോ പ്രവൃത്തിയിലും ഈടാക്കേണ്ടിയിരുന്ന പിഴപ്പലിശയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | കരുണാപുരം എൻ എസ് എസ് സ്കൂൾ – കമ്പംമെട്ട് റോഡ് ടാറിംഗ് 137/20 | മങ്കരപ്പടി മുട്ടാർ മെട്ട് റോഡ് ടാറിംഗ്. 140/20 |
|---|---|---|
| കരാർ നം/ തുക | 40/17-18/AE/KPM Dt. 08.02.2018 (₹699880.73) | 41/17-18/AE/KPM Dt. 08.02.2018 (₹699261.54) |
| സൈറ്റ് കൈമാറിയ തീയതി | 08.02.2018 | 10.02.2018 |
| പൂർത്തികരിക്കേണ്ട കാലയളവ് | 60 ദിവസം (08.04.2018)(ടെണ്ടർ നോട്ടീസ് പ്രകാരം) | 60 ദിവസം (10.04.2018)- (ടെണ്ടർ നോട്ടീസ് പ്രകാരം) |
| പൂർത്തീകരിച്ച തീയതി | 25.03.2019 | 25.03.2019 |
| താമസിച്ച കാലയളവ് | 11 മാസം 17 ദിവസം - അതായത് 4 ത്രൈമാസങ്ങൾ | 11 മാസം 15 ദിവസം - അതായത് 3 ത്രൈമാസങ്ങൾ |
| ഈടാക്കേണ്ടിയിരുന്ന പിഴപ്പലിശ | ₹699880.73x 1% +699880.73X2%X3= 6998.8+41992.84=48991.64 | 699261.54X1%+699261.54x2%X3= 6992.6+41955.6924= 48948.2924 |
| ആകെ | ₹97939.93 | |

2017-18 വർഷം 59.8% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ പദ്ധതികളുടെ കരാറുകൾ തായ്യാറാക്കുന്ന കാലത്തെ കോസ്റ്റ് ഇൻഡക്സ് 54.9% ആയും പദ്ധതി പൂർത്തികരിക്കുന്ന കാലയളിലെ കോസ്റ്റ് ഇൻഡക്സ് 48.71% ആയും കുറവ് സംഭവിച്ചിരിക്കുന്നു എന്നത് ഈ പ്രവൃത്തിയുടെ നഷ്ടത്തിന്റെ ആഴം കൂട്ടുന്നു. മാത്രമല്ല പദ്ധതി പൂർത്തീകരിക്കേണ്ട കാലയളവിനും മാസങ്ങൾക്ക് ശേഷം മാത്രമാണ് മഹാപ്രളയമുണ്ടായതും. ₹97940/- ഉത്തരവാദിയായ അസി എഞ്ചിനീയറിൽ നിന്നോ കരാറുകാരിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

ഈ രണ്ട് പ്രവൃത്തികളിലുമായി മുകളിൽ സൂചിപ്പിച്ച I, Ii അപാകതകൾ പ്രകാരം ആകെ ₹108893/- നഷ്ടം സംഭവിച്ചിരിക്കുന്നു.

### 1-14 ജൈവവള വിതരണം-കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതുമൂലം ₹350000/- അധിക ചെലവ്

ജൈവവളം വിതരണം (വേപ്പിൻ പിണ്ണാക്ക്) ചെയ്യുന്നതിനായി 2019-20 ൽ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടിൽ (പ്രോജക്ട് നം. 78/2020) കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വേപ്പിൻ പിണ്ണാക്ക് വാങ്ങാതിരുന്നതിനാൽ ₹350020/-യുടെ അധിക ചെലവ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ | അടങ്കൽ (₹) | ബിൽ നം/വൗച്ചർ, ചെക്ക് | ഫണ്ട് | തുക (₹) | നിർവ്വഹണ |
|---|---|---|---|---|---|

| പേര് | | നം /തിയതി | | | ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| ജൈവവള വിതരണം (78/2020) | 1476000/- (വികസന ഫണ്ട്-പൊതുവിഭാഗം), 792000/- (ഗുണഭോക്തൃ വിഹിതം), 399000/- (തനത് ഫണ്ട്), ആകെ-2667000/- | 19100452009301077764 /14.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 316800 | കൃഷി ഓഫീസർ |
| | | 21900921, 381627/15.01.2020 | ഗുണഭോക്തൃ വിഹിതം | 624360 | |
| | | 19100452009301087607 /16.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 316800 | |
| | | 19100452009301096184 /17.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 316800 | |
| | | 19100452009301100426 /18.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 316800 | |
| | | 19100452009301111166 /20.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 208800 | |
| | | 21900942, JF3576099/22.01.2020 | തനത് ഫണ്ട് | 289080 | |
| | | 21900943, JF3576099/22.01.2020 | തനത് ഫണ്ട് | 108000 | |
| ആകെ | | | | 2497440 | |

വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യുന്നതിനായി KBK01/2019-20 തി. 11.08.2019-ൽ ഇംഗ്ലീഷ് ദിനപത്രത്തിൽ ഉൾപ്പെടെ വ്യാപക പ്രചാരണം നൽകി ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുകകൾ ക്വോട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | ഒരു കിലോയ്ക്ക് ക്വോട്ട് ചെയ്ത നിരക്ക് (₹) |
|---|---|---|
| 1 | കൊച്ചിൻ ഓർഗാനിക് ന്യൂട്രിയന്റ്സ് & ഇൻപുട്സ്, തൃശ്ശൂർ | 22.70 |
| 2 | കൃപ ബോൺ ഇൻഡസ്ട്രീസ് | 23.48 |
| 3 | ചിറ്റൂർ അഗ്രിക്കൾച്ചർ കോഓപ്പറേറ്റീവ് സൊസൈറ്റി | 22.75 |
| 4 | സൗതേൺ കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ്, ചങ്ങനാശേരി | 25.02 |
| 5 | അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല | 26.40 |
| 6 | പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റി | 28.00 |
| 7 | കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രി | 28.70 |

15.09.2019 ലെ 7/4 തീരുമാനപ്രകാരം L5 ആയ അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല (₹2640/100kg) എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്തിട്ടുള്ളത് കൊച്ചിൻ ഓർഗാനിക്ക് & ന്യൂട്രിയന്റ് കമ്പനി, തൃശ്ശൂർ (₹2270/100kg) എന്ന സ്ഥാപനമാണ്. ഇടുക്കി ജില്ലയിലെ ഉല്പാദന, മൊത്തവിതരണ ലൈസൻസ് ഉള്ള സ്ഥാപനം ആയിരിക്കണമെന്ന

ടെണ്ടർ നിബന്ധന (നം.13) പാലിച്ചിട്ടുള്ളത് അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല എന്ന സ്ഥാപനമായതിനാലാണ് കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതെന്നാണ് ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. സ.ഉ(കൈ)22/2018/തസ്വഭവ തിയതി. 15.02.2018 ലെ ഖണ്ഡിക 6.1.1 പ്രകാരം കാർഷികകർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ/അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് വളങ്ങൾ വാങ്ങുന്നതിനും അല്ലാത്തപക്ഷം ലോക്കൽ പർച്ചേസ് നടത്തുന്നതിനും ആണ് അനുമതി നൽകിയിട്ടുള്ളത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും കൃഷിവകുപ്പ്, ശുചിത്വമിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളങ്ങൾക്ക് മുൻഗണന നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രാദേശിക ചെറുകിട ഉല്പാദക സംഘങ്ങളെ/ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജൈവവളം വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി ഗ്രാമപഞ്ചായത്ത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

ഇടുക്കി ജില്ലയിലെ ഉല്പാദന, മൊത്തവിതരണക്കാരായിരിക്കണം എന്ന നിബന്ധന ടെണ്ടറിൽ ഉൾപ്പെടുത്തിയതു വഴി കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുമായിരുന്ന ജൈവവളത്തിന് അധിക നിരക്ക് നൽകേണ്ടി വന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വളങ്ങളും കീടനാശിനികളും ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു ജില്ലയ്ക്കായി മാത്രമായല്ലാതെ സംസ്ഥാനത്തിന് മുഴുവൻ ബാധകമാക്കിയാണ് അനുമതി നൽകുന്നത്. അതിനാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയ നടപടി ക്രമപ്രകാരമല്ല. പ്രോജക്ടുകളുടെ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08/04.12.2021) കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയ്ത സ്ഥാപനങ്ങൾ വളങ്ങളുടെ സാമ്പിൾ ഹാജരാക്കാത്തതിനാലാണ് ടെണ്ടറുകൾ നിരസിച്ചത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ, കൃഷി ഓഫീസറുടെ റിപ്പോർട്ടിലോ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിലോ സാമ്പിൾ ഹാജരാക്കാത്തതിനാലാണ് ടെണ്ടർ നിരസിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, കൃഷി ഓഫീസർ നൽകിയ മറുപടി അംഗീകരിക്കുന്നതിന് സാധിക്കില്ല. കൂടാതെ, മേൽ നിബന്ധന ഒഴിവാക്കിയാണ് 2020-21 ൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ജൈവവള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് 2019-20 ൽ ₹2497440/-യാണ് ചെലവഴിച്ചിട്ടുള്ളത്. അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമലയുടെ ഇൻവോയ്സുകൾ പ്രകാരം 94600 കിലോ വേപ്പിൻ പിണ്ണാക്കാണ് വാങ്ങിയിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വേപ്പിൻ പിണ്ണാക്ക് വാങ്ങാതിരുന്നതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹350020/-യുടെ അധിക ചെലവ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| കൊച്ചിൻ ഓർഗാനിക് ന്യൂട്രിയന്റ്സ് & ഇൻപുട്സ്, തൃശ്ശൂർ ക്വോട്ട് ചെയ്ത തുക | 22.70/കി.ഗ്രാം |
| അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല ക്വോട്ട് ചെയ്ത തുക | 26.40/കി.ഗ്രാം |
| വാങ്ങിയ വേപ്പിൻ പിണ്ണാക്ക് | 94600 കി. ഗ്രാം |
| കൊച്ചിൻ ഓർഗാനിക് ന്യൂട്രിയന്റ്സ് & ഇൻപുട്സ്, തൃശ്ശൂർ ക്വോട്ട് ചെയ്ത പ്രകാരം 94600 കിലോയുടെ വില | ₹ 2147420 |
| അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല ക്വോട്ട് ചെയ്ത പ്രകാരം 94600 കിലോയുടെ വില | ₹ 2497440 |
| അധികം നൽകിയ തുക | ₹ 350020 |

പ്രോക്യൂർമെന്റ് നിബന്ധനകൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതു മൂലം പഞ്ചായത്തിനുണ്ടായ അധിക ചെലവ് ₹350020/- ഉത്തരവാദിയായ കൃഷി ഓഫീസർ, ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-15 പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം- ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കി-₹19140/- അധിക ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ₹19140/- അധികം ചെലവഴിച്ചു. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ബിൽ നം/ചെക്ക് നം /തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2019-20 ബിൽ വിവരങ്ങൾ | | | | |
| എസ്.സി വനിതകൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം (05/2020) | 19100452012800902237/04.12.2019 | വികസന ഫണ്ട് (എസ്.സി.പി) | 183465 | അസിസ്റ്റന്റ് സെക്രട്ടറി |
| | 19100452012801008369/30.12.2019 | വികസന ഫണ്ട് (എസ്.സി.പി) | 117780 | |
| | 381655/19.02.2020 | തനത് ഫണ്ട് | 107360 | |
| 2020-21 ബിൽ | | | | |
| | 20100452012800028452/11.04.2020 | വികസന ഫണ്ട് (എസ്.സി.പി) | 97395 | |
| ആകെ | | | 506000 | |

പി.വി.സി വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുന്നതിനായി 09.08.2019 ൽ ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ തുക (2436.45, നികുതി കൂടാതെ) ക്വോട്ട് ചെയ്ത വിക്ടോറിയ പോളിഫോം, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 176 വാട്ടർ ടാങ്കുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 14.02.2021-ലെ സ.ഉ(കൈ)22/2018/തസ്വഭവ പ്രകാരം 500 ലിറ്റർ ശേഷിയുള്ള പി.വി.സി വാട്ടർ ടാങ്കുകൾക്ക് 75 ശതമാനം സബ്സിഡിയാണ് (പരമാവധി 3000/- രൂപ) അനുവദിക്കാവുന്നത്. വിക്ടോറിയ പോളിഫോം, തൃശ്ശൂർ-ന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ₹2875/-യാണ് ഒരു ടാങ്കിന്റെ വില. സബ്സിഡി മാനദണ്ഡം അനുസരിച്ച് ₹2156.25 സബ്സിഡിയും ₹718.75 ഗുണഭോക്തൃവിഹിതവും ഈടാക്കേണ്ടതാണ്. എന്നാൽ, ₹610/- വീതമാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയത്. ആകെ 176 ടാങ്കുകൾക്ക് ₹126500/- ഗുണഭോക്തൃവിഹിതം ഈടാക്കേണ്ട സ്ഥാനത്ത് ₹107360/- മാത്രം ഗുണഭോക്തൃവിഹിതം ഈടാക്കിയതു മൂലം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹19140/- വികസനഫണ്ടിൽ നിന്നും അധികം അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 176 ടാങ്കുകളുടെ വില (₹2875 നിരക്കിൽ) | ₹506000 |
| അനുവദിക്കാവുന്ന സബ്സിഡി (75 %, ₹2156.25 നിരക്കിൽ) | ₹379500 |
| അനിവദിച്ച സബ്സിഡി (₹2265 നിരക്കിൽ) | ₹398640 |
| അധികം അനുവദിച്ച സബ്സിഡി (398640 -379500) | ₹19140 |

കുറഞ്ഞ നിരക്കിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/06.12.2021) ടെണ്ടറിൽ വിജയിയായ സ്ഥാപനം ക്വോട്ട് ചെയ്ത ₹2346.45 (നികുതി കുഴിച്ചുള്ള വില)യുടെ അടിസ്ഥാത്തിലാണ് ഗുണഭോക്തൃ വിഹിതം വാങ്ങിയതെന്നും പിന്നീടാണ് നികുതി കിഴിച്ചുള്ള തുകയാണ് സ്ഥാപനം ക്വോട്ട് ചെയ്തതെന്ന് വ്യക്തമാക്കിയതെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, നികുതി കിഴിച്ചുള്ള തുകയാണ് ക്വോട്ട് ചെയ്തിട്ടുള്ളതെന്ന് ടെണ്ടറിൽ സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. നികുതിയുൾപ്പടെയുള്ള തുകയുടെ 25 ശതമാനം ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃവിഹിതമായി ഈടാക്കണമായിരുന്നു. അധികമായി അനുവദിച്ച സബ്സിഡി ₹19140/-ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

### 1-16 പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം- ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കി

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ₹435/- അധികം ചെലവഴിച്ചു. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ബിൽ നം/ചെക്ക് നം. /തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2019-20 ബിൽ വിവരങ്ങൾ | | | | |
| എസ്. ടി വിഭാഗത്തിന് പി.വി.സി വാട്ടർ ടാങ്ക് | 19100452012800902244/04.12.2019 | വികസന ഫണ്ട് (ടി.എസ്,പി) | 9060 | അസിസ്റ്റന്റ് സെക്രട്ടറി |

| | | | | |
|---|---|---|---|---|
| വിതരണം (40/2020) | | | | |
| | 381656/19.02.2020 | തനത് ഫണ്ട് | 2440 | |
| | | ആകെ | 11500 | |

പി.വി.സി വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുന്നതിനായി 09.08.2019 ൽ ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ തുക (2436.45, നികുതി കൂടാതെ) ക്വോട്ട് ചെയ്ത വിക്ടോറിയ പോളിഫോം, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും നാല് വാട്ടർ ടാങ്കുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 14.02.2021 ലെ സ.ഉ(കൈ)22/2018/തസ്വഭവ പ്രകാരം 500 ലിറ്റർ ശേഷിയുള്ള പി.വി.സി വാട്ടർ ടാങ്കുകൾക്ക് 75 ശതമാനം സബ്സിഡിയാണ് പരമാവധി അനുവദിക്കാവുന്നത്. വിക്ടോറിയ പോളിഫോം, തൃശ്ശൂർ-ന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ₹2875/-യാണ് ഒരു ടാങ്കിന്റെ വില. സബ്സിഡി മാനദണ്ഡം അനുസരിച്ച് ₹2156.25 സബ്സിഡിയും ₹718.75 ഗുണഭോക്തൃവിഹിതവും ഈടാക്കേണ്ടതാണ്. എന്നാൽ, ₹610/- വീതമാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയത്. ആകെ 4 ടാങ്കുകൾക്ക് ₹2875/- ഗുണഭോക്തൃവിഹിതം ഈടാക്കേണ്ട സ്ഥാനത്ത് ₹2440/- മാത്രമാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയതു മൂലം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹435/- അധികം വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 4 ടാങ്കുകളുടെ വില (₹2875 നിരക്കിൽ) | ₹11500 |
| അനുവദിക്കാവുന്ന സബ്സിഡി (75 %, ₹2156.25 നിരക്കിൽ) | ₹8625 |
| അനുവദിച്ച സബ്സിഡി (₹2265 നിരക്കിൽ) | ₹9060 |
| അധികം അനുവദിച്ച സബ്സിഡി | ₹435 |

കുറഞ്ഞ നിരക്കിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/06.12.2021) ടെണ്ടറിൽ വിജയിയായ സ്ഥാപനം ക്വോട്ട് ചെയ്ത ₹2346.45 (നികുതി കുഴിച്ചുള്ള വില)യുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ വിഹിതം വാങ്ങിയതെന്നും പിന്നീടാണ് നികുതി കിഴിച്ചുള്ള തുകയാണ് സ്ഥാപനം ക്വോട്ട് ചെയ്തതെന്ന് വ്യക്തമാക്കിയതെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, നികുതി കിഴിച്ചുള്ള തുകയാണ് ക്വോട്ട് ചെയ്തിട്ടുള്ളതെന്ന് ടെണ്ടറിൽ സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. നികുതിയുൾപ്പടെയുള്ള തുകയുടെ 25 ശതമാനം ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃവിഹിതമായി ഈടാക്കണമായിരുന്നു. അധികമായി അനുവദിച്ച സബ്സിഡി ₹435/- ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-17 ഗാർഹിക ടോയ്ലറ്റ് അറ്റകുറ്റപണി, അധിക തുക നൽകിയത് - നിരാകരണം ₹7200/-

| | |
|---|---|
| പദ്ധതി നമ്പർ/പദ്ധതി | 149/19-20 ഗാർഹിക ടോയ്ലറ്റ് അറ്റകുറ്റപണി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഓ |
| അടങ്കൽ | ₹ 1168080/-<br>₹616240/-സംസ്ഥാന ഫണ്ട്<br>₹ 551840/-തനത് ഫണ്ട് |
| ചെലവ് | ₹1047300/-<br>₹557861/-സംസ്ഥാന ഫണ്ട്<br>₹489439/- തനത് ഫണ്ട് |
| വൗച്ചർ & ചെക്ക് നമ്പർ, തീയതി, തുക | 21900479, 1267679, 20.09.19, 191393/-<br>21900484, 128083,30.09.19, 183853/<br>21900485, 128084,30.09.19, 29814/<br>21900612,128102,25.10.19, 114287/-<br>21900613,128103,25.10.19 , 14907/-<br>21900611,357084,25.10.19, 115726/-21900923,3181628, 14.01.20, 110240/-<br>21900922,3181628,14.01.20, 130000/-<br>21900982,381632,31.01.20, 33920/-<br>21900983,381634,31.01.20, 4240/- |

| | |
|---|---|
| | 21900980,381632,31.01.20, 40000/-<br>21900981,381634,31.01.20, 5000/-<br>21901311,381688,30.03.20, 5000/-<br>21901312,381688,30.03.20, 4240/<br>21901291,381684,29.03.20, 25440/<br>21901292,381687,29.03.20, 4240/<br>21901293,381684,29.03.20, 30000/<br>21901294,381687,29.03.20, 5000/ |
| ആകെ | ₹ 1047300/- |

2019-20 ൽ വി.ഇ.ഓ നിർവ്വഹണം നടത്തിയ ഗാർഹിക ടോയ്‌ലറ്റ് അറ്റകുറ്റപണി എന്ന പദ്ധതി പ്രകാരം 111 (നൂറ്റിപതിനൊന്ന്) ഗുണഭോക്താക്കൾക്കായി 1047300/- രൂപ നൽകിയിട്ടുണ്ട്. ബഹു ഇടുക്കി ജില്ലാ കളക്ടറുടെ 21/01/2019 ലെ ഉത്തരവ് നമ്പർ 312/PBIG/2018/IDK പ്രകാരം ഒരു വ്യക്തിക്ക് പരമാവധി ₹9240/- മാത്രമാണ് നൽകാവുന്നത്. എന്നാൽ ഇവിടെ 69 ഗുണഭോക്താക്കൾക്ക് ₹9420/- വീതവും 42 ഗുണഭോക്താക്കൾക്ക് ₹9240/- വീതവും തുക നൽകിയിട്ടുണ്ട്. 69 ഗുണഭോക്താക്കൾക്ക് ₹180 വീതം അധികം നൽകിയതിൽ 29 പേർ ₹180/- തിരികെ അടവാക്കിയിട്ടുണ്ട്. 40 ഗുണഭോക്താക്കൾ തിരികെ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറി നം 6 ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക ₹ 7200/- ( 40 * 180 ) ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക ഗുണഭോക്താക്കൾ തിരികെ ഒടുക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശിക ഡിമാന്റ്, കുടിശിക പിരിവ്, കുടിശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-19 പൂർണ്ണമായ ഫയൽ ഹാജരാക്കാത്തത് സംബന്ധിച്ച്, തടസ്സം ₹17,49,600/-

| | |
|---|---|
| പദ്ധതി നമ്പർ/പദ്ധതി | 134/19-20, ഹരിതകേരളം കിണർ റീചാർജിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഓ |
| അടങ്കൽ | ₹2000000/-( ധനകാര്യ കമ്മീഷൻ) |
| ചെലവ് ₹ | ₹1749600/- (ധനകാര്യ കമ്മീഷൻ) |
| ബിൽ നമ്പർ, തുക തീയതി, | 19100452009100190653, 403200, 05.04.2019<br>19100452009100190654, 360000, 05.04.2019<br>19100452009100190655, 468000, 05.04.2019<br>19100452009100190656, 460800, 05.04.2019<br>19100452009100190657, 57600, 05.04.2019 |

| | |
|---|---|
| ആകെ | ₹ 1749600/- |

2019-20 ൽ വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി നം. 134/2019-20, ഹരിതകേരളം-കിണർ റീചാർജിംഗ് എന്ന പദ്ധതിയുടെ, ഹാജരാക്കിയിരിക്കുന്ന ഫയൽ അപൂർണ്ണമാണ്. പൂർണ്ണമായ ഫയൽ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ മേൽ പദ്ധതിയുടെ ചെലവു തുക ₹17,49,600/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി-അപാകങ്ങൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് 17 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) | ഫണ്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (43/2020) | 3311765 | 3106765 | വികസന ഫണ്ട് (പട്ടികജാതിവിഭാഗം) | അസിസ്റ്റന്റ് സെക്രട്ടറി |
| | 88235 | 88235 | തനത് ഫണ്ട് | |
| ആകെ | 3400000 | 3195000 | | |

പഠനമുറി നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. 14.02.2018 ലെ സ.ഉ(സാധാ) നം.22/2018/തസ്വഭവ പ്രകാരം 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണമുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നൽമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഠനമുറിയ്ക്കായുള്ള തുക മൂന്ന് ഗഡുക്കളായി അനുവദിക്കാമെന്നും രണ്ടും മൂന്നും ഗഡുക്കൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കണമെന്നും 28.01.2020ലെ സ.ഉ(സാധാ)നം.221/2020 /തസ്വഭവ-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഠനമുറി നിർമ്മിക്കുമ്പോൾ വയറിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിൽ വാലുവേഷൻ കൂടാതെ ₹9100/- എന്നാൽ 2 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി അനുവദിക്കാവുന്നതാണെന്ന് 22.06.2020 ലെ സ.ഉ (സാധാ) നം.1216/2020/തസ്വഭവ പ്രാകാരം അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പഠനമുറി നിർമ്മിയ്ക്കുന്നതിന് വൈദ്യുതീകരണത്തിനും മേശ, കസേര, അലമാര, ഫാൻ തുടങ്ങിയ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള തുകയും ഉൾപ്പെടുത്തിയാണ് അസിസ്റ്റന്റ് എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ, പഠനമുറി നിർമ്മിയ്ക്കുന്നതിനും വയറിംഗ് പ്രവൃത്തികൾ നടത്തുന്നതിനും മാത്രമാണ് ധനസഹായം അനുവദിക്കുന്നതിന് അനുമതിയുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും വാല്യൂവേഷന്റെയും അനുവദിച്ച ധനസഹായത്തിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | പഠനമുറിയ്ക്കുള്ള എസ്റ്റിമേറ്റ് (₹) | ഇലക്ട്രിഫിക്കേഷനുള്ള എസ്റ്റിമേറ്റ് (₹) | ഫർണിച്ചറിനുള്ള എസ്റ്റിമേറ്റ് (₹) | മറ്റുള്ളവ (₹) | ആകെ (₹) | വാല്യൂവേഷൻ (₹) | ബിൽ നം/തിയതി | തുക (₹) |
|---|---|---|---|---|---|---|---|---|---|
| 1 | ഷിൻസി കെ.എസ്, വാഴക്കാലായിൽ, കൊച്ചറ | 167608 | 12392 | 20000 | 0 | 200000 | 200000 | 19100452012800642334/ 03.10.2019 | 50000 |
| | | | | | | | | 19100452012800758742/ 29.10.2019 | 50000 |
| | | | | | | | | 19100452012801523021/ 17.03.2020 | 50000 |
| | | | | | | | | 19100452012801523024/ 17.03.2020 | 50000 |
| 2 | നന്ദന വിജയൻ, പാങ്ങോട്ടു കട്ടേക്കാലിൽ, രാമക്കൽമേട് | 167608 | 12392 | 20000 | 0 | 200000 | 200000 | 19100452012800568961/ 16.09.2019 | 50000 |
| | | | | | | | | 19100452012800758742/ 29.10.2019 | 50000 |
| | | | | | | | | 19100452012801415144/ 06.03.2020 | 50000 |
| | | | | | | | | 19100452012801415148/ 06.03.2020 | 50000 |
| 3 | മിഥുൻ സുരേഷ്, | 161875 | 12000 | 20000 | 6125 | 200000 | 200000 | 19100452012800505534/ 27.08.2019 | 50000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | എട്ടുപടവിൽ, ളുക്കപാലം | | | | | | | 19100452012800824091/14.11.2019 | 50000 |
| | | | | | | | | 19100452012801649127/31.03.2020 | 50000 |
| | | | | | | | | 19100452012801649132/31.03.2020 | 50000 |
| 4 | സൂര്യ സജി, ബ്ലോക്ക് നം.442, ളുക്കപാലം | 161875 | 12000 | 20000 | 6125 | 200000 | 200000 | 19100452012800568961/16.09.2019 | 50000 |
| | | | | | | | | 19100452012800642334/03.10.2019 | 50000 |
| | | | | | | | | 19100452012801270871/14.02.2020 | 25000 |
| | | | | | | | | 19100452012801649103/31.03.2020 | 50000 |
| | | | | | | | | 19100452012801649108/31.03.2020 | 25000 |
| 5 | അഖില ഷെജികുമാർ, ബ്ലോക്ക് നം.492, ളുക്കപാലം | 167608 | 12392 | 20000 | 0 | 200000 | 200000 | 19100452012800519006/16.08.2019 | 50000 |
| | | | | | | | | 19100452012800719015/29.10.2019 | 50000 |
| | | | | | | | | 19100452012801276404/14.02.2020 | 25000 |
| | | | | | | | | 19100452012801649110/31.03.2020 | 50000 |
| | | | | | | | | 1910045201280164920/31.03.2020 | 25000 |
| 6 | ചിപ്പി, കാഞ്ഞിരം താനം, കരുണാപുരം | 167608 | 12392 | 20000 | 0 | 200000 | 200000 | 19100452012800608354/16.09.2019 | 50000 |
| | | | | | | | | 19100452012800754874/18.10.2019 | 50000 |
| | | | | | | | | 19100452012801524368/17.03.2020 | 50000 |
| | | | | | | | | 19100452012801524373/17.03.2020 | 50000 |
| 7 | ഗോപിക ഷാജി, വാഴത്തറയിൽ, നെല്ലിമലക്കണ്ടം | 161875 | 12000 | 20000 | 6125 | 200000 | 200000 | 19100452012800503154/26.08.2019 | 50000 |
| | | | | | | | | 19100452012800568961/29.10.2019 | 50000 |
| | | | | | | | | 19100452012800758742/29.10.2019 | 100000 |
| 8 | അരുൺ വി.എസ്, വെട്ടത്ത്, കൊച്ചറ | 167608 | 12392 | 20000 | 0 | 200000 | 200000 | 19100452012800810496/12.11.2019 | 50000 |
| | | | | | | | | 128143/30.12.2019 | 44117 |
| | | | | | | | | 19100452012801526024/17.03.2020 | 50000 |
| | | | | | | | | 19100452012801526027/17.03.2020 | 50000 |
| | | | | | | | | 19100452012801526031/17.03.2020 | 5883 |
| 9 | അരവിന്ദ് ബാബു, ഇരിക്കപ്പറമ്പിൽ, കരുണാപുരം | 171820 | 9000 | 18000 | 1180 | 200000 | 200000 | 19100452012800422225/06.08.2019 | 50000 |
| | | | | | | | | 19100452012800568961/6.09.2019 | 50000 |
| | | | | | | | | 19100452012800808751/12.11.2019 | 50000 |
| 10 | അഭിഷേക് കെ.ബി, കാഞ്ഞിരത്തുങ്കൽ, കുഴിത്തൊളു | 167608 | 12392 | 20000 | 0 | 200000 | 200000 | 19100452012800568961/16.09.2019 | 50000 |
| | | | | | | | | 19100452012800856913/29.11.2019 | 50000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | 19100452012801529055/ 18.03.2020 | 50000 |
| | | | | | | | | 19100452012801529068/ 18.03.2020 | 50000 |
| 11 | ആകാശ്മോൻ, കുഴിക്കാല, ചക്കക്കാനം | 161875 | 12000 | 20000 | 6125 | 200000 | 200000 | 19100452012800758742/ 29.10.2019 | 50000 |
| | | | | | | | | 128142/30.12.2019 | 44118 |
| | | | | | | | | 19100452012801233404/ 10.02.2020 | 30882 |
| | | | | | | | | 19100452012801598172/ 25.03.2020 | 50000 |
| | | | | | | | | 19100452012801598176/ 25.03.2020 | 25000 |
| 12 | ശ്രുതിമോൾ പി.എസ്, പല്ലാമറ്റം, കമ്പംമെട്ട് | 161875 | 12000 | 20000 | 6125 | 200000 | 200000 | 19100452012800808749/ 12.11.2019 | 50000 |
| | | | | | | | | 19100452012800880521/ 27.11.2019 | 50000 |
| | | | | | | | | 19100452012801461635/ 11.03.2020 | 25000 |
| | | | | | | | | 19100452012801598157/ 25.03.2020 | 50000 |
| | | | | | | | | 19100452012801598166/ 25.03.2020 | 25000 |
| 13 | നന്ദനാമോൾ സി.എ, ചൂണ്ടക്കുന്നേൽ, ചേറ്റുകഴി | 167608 | 12392 | 20000 | 0 | 200000 | 200000 | 19100452012800642334/ 03.10.2019 | 50000 |
| | | | | | | | | 19100452012800894917/ 03.12.2019 | 50000 |
| | | | | | | | | 19100452012801525174/ 17.03.2020 | 50000 |
| | | | | | | | | 19100452012801525177/ 17.03.2020 | 50000 |
| 14 | നീതു കുഞ്ഞുമോൻ, പുത്തൻവീട്, ഈറ്റക്കാനം, | 162327 | 12000 | 20000 | 5673 | 200000 | 200000 | 19100452012800503154/ 26.08.2019 | 50000 |
| | | | | | | | | 19100452012800704874/ 18.10.2019 | 50000 |
| | | | | | | | | 19100452012800902889/ 04.12.2019 | 100000 |
| 15 | അക്ഷയ സുരേഷ്, കുഴിക്കാട്ട്, രാമക്കൽമേട് (₹ 75000/- 2020-21 ലാണ് നൽകിയത്) | 161875 | 12000 | 20000 | 6125 | 200000 | 200000 | 19100452012800758742/ 29.10.2019 | 50000 |
| | | | | | | | | 19100452012800988662/ 24.12.2019 | 50000 |
| | | | | | | | | 19100452012801240173/ 11.02.2020 | 50000 |
| 16 | ശ്രീനിധി മോനിച്ചൻ, മുണ്ടൂഴിയിൽ, കമ്പംമെട്ട് (₹ 90000/- 2020-21 ലാണ് നൽകിയത്) | 161875 | 12000 | 20000 | 6125 | 200000 | 190000 | 19100452012800895964/ 03.12.2019 | 50000 |
| | | | | | | | | 19100452012801246256/ 11.02.2020 | 50000 |
| 17 | വിഷ്ണു ബി കെ, തൊട്ടുവിളയിൽ, കുഴിത്തൊളു (₹ 30000/- 2020-21 ലാണ് നൽകിയത്) | 161875 | 12000 | 20000 | 6125 | 200000 | 200000 | 19100452012800758742/ 29.10.2019 | 50000 |
| | | | | | | | | 19100452012800932714/ 11.12.2019 | 50000 |
| | | | | | | | | 19100452012801461660/ 11.03.2020 | 25000 |
| | | | | | | | | 19100452012801598181/ 25.03.2020 | 45000 |

പ്രോജക്ടിനായി 2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് (എസ്.സി.പി) ₹3106765/-യും തനത് ഫണ്ട് ₹88235/-യും ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ₹195000/- ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിലെ

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സിവിൽ വർക്കിന്റെ വാല്യുവേഷനിൽ കുറവായി കാണുന്ന നിർമ്മിതികളിൽ ഫർണിച്ചറുകളുടെയും ഇലക്ട്രിക്ക് സാമഗ്രികളുടെയും ബിൽകൂടി ഉൾപ്പെടുത്തിയാണ് മൂല്യനിർണ്ണയം നടത്തിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം കാരണം വിശദമായ മൂല്യനിർണ്ണയം നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സാധിച്ചില്ലയെന്നും മറുപടി നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിനാൽ ₹3195000/- തടസപ്പെടുത്തുന്നു. ഫർണിച്ചറുകൾ വാങ്ങിയതിനും വൈദ്യുതീകരണത്തിനുമായി അധിക തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം അധികമായി അനുവദിച്ച ധനസഹായം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-21 മിനിമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് വിവരങ്ങൾ ലഭ്യമാക്കിയില്ല

2019-20 വർഷത്തെ താഴെ പറയുന്ന തനതുഫണ്ട് വൗച്ചറുകൾ പ്രകാരം മിനിമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസിന് വേണ്ടി ₹61608/- ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം./തീയതി | ന്യൂടെക്ക് സൊലൂഷന്റെ ബിൽ നം./ തുക | സ്ഥലം | സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണം/ഒരു ലൈറ്റിന്റെ വില |
|---|---|---|---|---|
| 1 | 21900194/13.6.19 | G01/19 Dt. 20.05.19 15008/- 2 X 6700/- + GST | രാമക്കൽമേട് | 2 X 6700/- + GST |
| 2 | 21900256/9.7.19 | G02/19/20.6.19 11080/- | തൂക്കുപാലം | 4 X 2250/- + Installation 1000/- + GST |
| 3 | 21900270/16.7.2019 | G03/19/16.7.19 16576/- | തൂക്കുപാലം | 4 X 3700/- Installation 1000/- + GST |
| 4 | 21900466/18.9.19 | G04/19/3.9.19 16576/- | തൂക്കുപാലം | 4 X 3700/- Installation 1000/- + GST |
| 5 | 219001326/31.3.20 | G04/19/3.9.19 20080/- | കമ്പംമെട്ട് | 5 X 3200/- Installation 2000/- + GST |

1. 2017-18 വർഷത്തെ പദ്ധതി നം.169/18 പ്രകാരം 1175000/- ചെലവഴിച്ച് കമ്പംമെട്ട്, കൂട്ടാർ, തൂക്കുപാലം, രാമക്കൽമേട് എന്നിവിടങ്ങളിലായി 5 സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതായി സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ഫയലിൽ ന്യൂടെക്ക് സൊലൂഷൻ, രാമക്കൽമേട് എന്ന സ്ഥാപനവുമായി ഏർപ്പെട്ട കരാർ ഉടമ്പടി നം.5 /28.3.2017 പ്രകാരം രണ്ട് വർഷത്തിനുള്ളിൽ ഉണ്ടാകുന്ന എല്ലാവിധ അറ്റകുറ്റപ്പണികളും സ്വന്തം ചെലവിൽ ചെയ്തുകൊള്ളാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ന്യൂടെക്ക് സൊല്യൂഷന്റെ ബിൽ നം.NT8B-SB-002 തീയതി 29.05.2017 പ്രകാരം 5 മിനിമാസ്റ്റ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. മേൽ പട്ടികയിൽ ക്രമ നം.1-ൽ ലൈറ്റുകൾ സപ്ലൈ ചെയ്തത് ഗ്യാരണ്ടി പീരിയഡിനുള്ളിലാണ്. ഗ്യാരണ്ടി കാലയളവിനുള്ളിൽ കേടായ ലൈറ്റുകൾ മാറ്റുന്നതിന് അതേ കരാറുകാരന് വീണ്ടും തുക നൽകുവാനുണ്ടായ കാരണം വ്യക്തമല്ല.

2. ലൈറ്റുകൾ മാറിയിടുന്നതിന് ഇൻസ്റ്റലേഷൻ ചാർജ് നൽകിയതിന് കാരണം വ്യക്തമല്ല.

3. ലൈറ്റുകൾ മാറിയതിന് ന്യൂടെക്ക് സൊലൂഷൻ സമർപ്പിച്ച ബില്ലുകളിൽ ലൈറ്റുകളുടെ യൂണിറ്റ് കോസ്റ്റിൽ (ഒരു ലൈറ്റിന്റെ വില) ഓരോ ബില്ലിലും വ്യത്യസ്തമാണ്. ആയതിന് കാരണം അറിയിച്ചിട്ടില്ല.

4. മേൽ പട്ടികയിൽ ക്രമ നം.2,3,4 എന്നിവയിൽ തൂക്കുപാലത്ത് മൂന്ന് പ്രാവശ്യം ലൈറ്റുകൾ മാറിയിട്ടിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഒരു ലൈറ്റ് മാത്രമേ കാണുന്നുള്ളൂ. ആയതിന് കാരണം വ്യക്തമല്ല.

പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/1.12.21- ന് മറുപടി ലഭ്യമാക്കിട്ടിയില്ല. രേഖകളുടെ അഭാവത്തിൽ ₹61608/- ചെലവ് തടസപ്പെടുത്തുന്നു.

## 1-22 കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം -കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

1996ലെ കേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3പ്രകാരം കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം ഇനത്തിൽ വസൂലാക്കുന്ന തുകയുടെ 1% ഇതിന്റെ കളക്ഷൻ ചാർജ്ജിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതാണ്. തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ നിന്നെല്ലാം കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം ഈടാക്കി ഒടുക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ ചാർജ്ജ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കാതെ 1% തുക പൂർണ്ണമായി കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി ബോർഡിലേയ്ക്ക് ഒടുക്കിയിരിക്കുന്നു.

1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല-വാർഷിക കണക്കുകളിലെ തുകകളിൽ വ്യക്തതയില്ല

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് ഇതുവരെ നടപ്പായിട്ടില്ല. അതിനാൽ വാർഷിക കണക്കുകളിൽ നൽകിയിട്ടുള്ള ആസ്തികളുടെ വിവരവും തേയ്മാനത്തിന്റെ വിവരവും വ്യക്തതയില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും ആസ്തി രജിസ്റ്റിൽ ചേർത്ത് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിന് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ആസ്തികൾ കൃത്യമായി തിട്ടപ്പെടുത്തിയില്ലെങ്കിൽ ഗ്രാന്റിൽ കുറവ് വരുന്നതിന് ഇടയാക്കും. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടു പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം – അധിക തുക നൽകിയിരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി എഞ്ചിനീയർ |
| പ്രോജക്ട് നം | 32/19 |
| അടങ്കൽ | ₹3841250/- (വികസനഫണ്ട്-പൊതുവിഭാഗം) |
| കരാറുകാരൻ | ശ്രീ രാജേന്ദ്രൻ ടി വി |
| അളവ് ബുക്ക് | 8/18-19 |
| കരാർ നം/ തുക | 64/17-18/AE/KPM Dt. 28.02.2018 ₹3749786.54 |
| ബിൽ നം. തുക | 18100452012700663333/തീയതി.17.10.18 ₹1635141/-<br>181004520127001010251/തീയതി 29.12.18-₹579223/-<br>19100452012700364607/തീയതി 20.07.19 -₹1549263/- |

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടറിൽ പങ്കെടുത്തവരുടെ വിവരങ്ങളും ക്വോട്ട് ചെയ്ത നിരക്കുകളും ഫയലിൽ ലഭ്യമല്ല.

2. ആദ്യപാർട്ട് ബിൽ പ്രകാരം റീട്ടെൻഷൻ പിടിച്ച ₹163500/- ഫൈനൽബിൽ തയ്യാറാക്കിയപ്പോൾ കരാറുകാരന് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. റീട്ടെൻഷൻ പിടിച്ച തുക സെക്രട്ടറിയുടെ അക്കൌണ്ടിൽ നിക്ഷേപിച്ചതായാണ് ട്രഷറി ബിൽ പകർപ്പിൽ കാണുന്നത്.

3. അളവ് ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹3731565/- എന്നാൽ മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം ₹3763627/- ചെലവഴിച്ചിരിക്കുന്നു. ₹32062/- അധികമായി ചെലവ് ചെയ്തിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/2.12.2021 ന് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ ₹32062/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വികസന ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3-2 പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ-കാലിവീപ്പയുടെ വില ഈടാക്കിയില്ല,

നിയമാനുസൃതം ഈടാക്കേണ്ട പിഴപ്പലിശ ഈടാക്കിയില്ല

താഴെപ്പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലിവീപ്പയുടെ വില ഈടാക്കാത്തതായും സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ നിയമാനുസൃതം ഈടാക്കേണ്ട പിഴപ്പലിശ ഈടാക്കാത്തതായും കാണുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കി പ്രൈസ് (PRICE) സോഫ്റ്റ്‌വെയറിലാണ്. ഇതിൽ തയ്യാറാക്കിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ ഇത്തരം പ്രവൃത്തികളിൽ കാലിവീപ്പയുടെ മൂല്യം ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടിന്റെ ബില്ലിൽ നിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ, പേര് | കരുണാപുരം എൻ എസ് എസ് സ്കൂൾ -കമ്പംമെട്ട് റോഡ് ടാറിംഗ് 137/20 | മങ്കരപ്പടി മുട്ടാർ മെട്ട് റോഡ് ടാറിംഗ്. 140/20 |
| അടങ്കൽ തുക ₹ | ₹700000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | ₹700000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) |
| കരാറുകാരൻ | ശ്രീ ഫ്രാൻസീസ് പി സി | ശ്രീ ഫ്രാൻസീസ് പി സി |
| അളവു പുസ്തകം | 402/18 | 524/ |
| ആകെ ബിൽ തുക ₹ | 19100452012700044709/5.04.2019- ₹699854/- | 19100452012700044712/5.04.2019- ₹698595/- |
| SS1 ബിറ്റുമിൻ അളവു പുസ്തക പ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം)/വീപ്പകളുടെ എണ്ണം | 852.21 കി ഗ്രാം 852.21/200= 4.26 | 944.30കി ഗ്രാം 944.30/200= 4.72 |
| RS1 ബിറ്റുമിൻ അളവു പുസ്തക പ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം)/വീപ്പകളുടെ എണ്ണം | 275.715 കി. ഗ്രാം 275.175/182=1.51 | 305.51.കി. ഗ്രാം 305.51/182=1.679 |
| അളവ് (കി.ഗ്രാം)/ S-65(VG-30) ഉപയോഗിച്ച വീപ്പകളുടെ എണ്ണം | 2013.02 2013.02/156=12.904 | 2230.56കി.ഗ്രാം 2230.56/156=14.3 |
| ആകെ കാലിവീപ്പകൾ | 39 | |

I കാലിവീപ്പയുടെ വില.

ഒരു കാലിവീപ്പയുടെ മൂല്യം = ₹238/- + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 39 വീപ്പകളുടെ മൂല്യം =39x 238 = ₹9282/-

ബാധകമായ GST = (238 X 18% ) X 39 =₹1670.76/-

ആകെ=₹10952.76/-. അതായത്₹10953/-

തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(നം.5/തീ.02.12.2021 ) മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. ₹10953/- കരാറുകാരനിൽനിന്നോ, ബില്ലിൽനിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനീയറിൽ നിന്നോ ഈടാക്കി കാലിവീപ്പകളുടെ മൂല്യം മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

Ii പിഴപ്പലിശ ഈടാക്കിയില്ല.

മുകളിൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികളും സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല എന്നുമാത്രമല്ല താമസിച്ച് പൂർത്തികരിക്കുന്നതിന് കരാറിലെ വ്യവസ്ഥ 7 പ്രകാരം ഈടാക്കേണ്ട നിയമാനുസൃതമായ പിഴപ്പലിശ ഈടാക്കിയിട്ടുമില്ല. താമസിച്ച് പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ അനുവദനീയമായ കാലയളവ് കഴിഞ്ഞുള്ള ആദ്യ മൂന്ന് മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും പിഴപ്പലിശ ഈടാക്കേണ്ടിയിരുന്നു. ഓരോ പ്രവൃത്തിയിലും ഈടാക്കേണ്ടിയിരുന്ന പിഴപ്പലിശയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | കരുണാപുരം എൻ എസ് എസ് സ്കൂൾ – കമ്പംമെട്ട് റോഡ് ടാറിംഗ് 137/20 | മങ്കരപ്പടി മുട്ടാർ മെട്ട് റോഡ് ടാറിംഗ്. 140/20 |
|---|---|---|
| കരാർ നം/ തുക | 40/17-18/AE/KPM Dt. 08.02.2018 (₹699880.73) | 41/17-18/AE/KPM Dt. 08.02.2018 (₹699261.54) |
| സൈറ്റ് കൈമാറിയ തീയതി | 08.02.2018 | 10.02.2018 |
| പൂർത്തികരിക്കേണ്ട കാലയളവ് | 60 ദിവസം (08.04.2018)<br>(ടെണ്ടർ നോട്ടീസ് പ്രകാരം) | 60 ദിവസം (10.04.2018)-<br>(ടെണ്ടർ നോട്ടീസ് പ്രകാരം) |
| പൂർത്തീകരിച്ച തീയതി | 25.03.2019 | 25.03.2019 |
| താമസിച്ച കാലയളവ് | 11 മാസം 17 ദിവസം - അതായത് 4 ത്രൈമാസങ്ങൾ | 11 മാസം 15 ദിവസം - അതായത് 3 ത്രൈമാസങ്ങൾ |
| ഈടാക്കേണ്ടിയിരുന്ന പിഴപ്പലിശ | ₹699880.73x 1% +699880.73X2%X3=<br>6998.8+41992.84=48991.64 | 699261.54X1%+699261.54x2%X3=<br>6992.6+41955.6924=<br>48948.2924 |
| ആകെ | ₹97939.93 | |

2017-18 വർഷം 59.8% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ പദ്ധതികളുടെ കരാറുകൾ തായ്യാറാക്കുന്ന കാലത്തെ കോസ്റ്റ് ഇൻഡക്സ് 54.9% ആയും പദ്ധതി പൂർത്തികരിക്കുന്ന കാലയളിലെ കോസ്റ്റ് ഇൻഡക്സ് 48.71% ആയും കുറവ് സംഭവിച്ചിരിക്കുന്നു എന്നത് ഈ പ്രവൃത്തിയുടെ നഷ്ടത്തിന്റെ ആഴം കൂട്ടുന്നു. മാത്രമല്ല പദ്ധതി പൂർത്തീകരിക്കേണ്ട കാലയളവിനും മാസങ്ങൾക്ക് ശേഷം മാത്രമാണ് മഹാപ്രളയമുണ്ടായതും. ₹97940/- ഉത്തരവാദിയായ അസി എഞ്ചിനീയറിൽ നിന്നോ കരാറുകാരിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

ഈ രണ്ട് പ്രവൃത്തികളിലുമായി മുകളിൽ സൂചിപ്പിച്ച I, Ii അപാകതകൾ പ്രകാരം ആകെ ₹108893/- നഷ്ടം സംഭവിച്ചിരിക്കുന്നു.

## 3-3 പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം- ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കി-₹19140/- അധിക ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ₹19140/- അധികം ചെലവഴിച്ചു. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ബിൽ നം/ചെക്ക് നം /തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2019-20 ബിൽ വിവരങ്ങൾ | | | | |
| എസ്.സി വനിതകൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം (05/2020) | 19100452012800902237/04.12.2019 | വികസന ഫണ്ട് (എസ്.സി.പി) | 183465 | അസിസ്റ്റന്റ് സെക്രട്ടറി |
| | 19100452012801008369/30.12.2019 | വികസന ഫണ്ട് (എസ്.സി.പി) | 117780 | |
| | 381655/19.02.2020 | തനത് ഫണ്ട് | 107360 | |
| 2020-21 ബിൽ | | | | |
| | 20100452012800028452/11.04.2020 | വികസന ഫണ്ട് (എസ്.സി.പി) | 97395 | |
| ആകെ | | | 506000 | |

പി.വി.സി വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുന്നതിനായി 09.08.2019 ൽ ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ തുക (2436.45, നികുതി കൂടാതെ) ക്വോട്ട് ചെയ്ത വിക്ടോറിയ പോളിഫോം, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 176 വാട്ടർ ടാങ്കുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 14.02.2021-ലെ സ.ഉ(കൈ)22/2018/തസ്വഭവ പ്രകാരം 500 ലിറ്റർ ശേഷിയുള്ള പി.വി.സി വാട്ടർ ടാങ്കുകൾക്ക് 75 ശതമാനം സബ്സിഡിയാണ് (പരമാവധി 3000/- രൂപ) അനുവദിക്കാവുന്നത്. വിക്ടോറിയ പോളിഫോം, തൃശ്ശൂർ-ന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ₹2875/-യാണ് ഒരു ടാങ്കിന്റെ വില. സബ്സിഡി മാനദണ്ഡം അനുസരിച്ച് ₹2156.25 സബ്സിഡിയും ₹718.75 ഗുണഭോക്തൃവിഹിതവും ഈടാക്കേണ്ടതാണ്. എന്നാൽ, ₹610/- വീതമാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയത്. ആകെ 176 ടാങ്കുകൾക്ക് ₹126500/- ഗുണഭോക്തൃവിഹിതം ഈടാക്കേണ്ട സ്ഥാനത്ത് ₹107360/- മാത്രം ഗുണഭോക്തൃവിഹിതം ഈടാക്കിയതു മൂലം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹19140/- വികസനഫണ്ടിൽ നിന്നും അധികം അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 176 ടാങ്കുകളുടെ വില (₹2875 നിരക്കിൽ) | ₹506000 |
| അനുവദിക്കാവുന്ന സബ്സിഡി (75 %, ₹2156.25 നിരക്കിൽ) | ₹379500 |
| അനുവദിച്ച സബ്സിഡി (₹2265 നിരക്കിൽ) | ₹398640 |
| അധികം അനുവദിച്ച സബ്സിഡി (398640 -379500) | ₹19140 |

കുറഞ്ഞ നിരക്കിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/06.12.2021) ടെണ്ടറിൽ വിജയിയായ സ്ഥാപനം ക്വോട്ട് ചെയ്ത ₹2346.45 (നികുതി കഴിച്ചുള്ള വില)യുടെ അടിസ്ഥാത്തിലാണ് ഗുണഭോക്തൃ വിഹിതം വാങ്ങിയതെന്നും പിന്നീടാണ് നികുതി കിഴിച്ചുള്ള തുകയാണ് സ്ഥാപനം ക്വോട്ട് ചെയ്തതെന്ന് വ്യക്തമാക്കിയതെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, നികുതി കിഴിച്ചുള്ള തുകയാണ് ക്വോട്ട് ചെയ്തിട്ടുള്ളതെന്ന് ടെണ്ടറിൽ സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. നികുതിയുൾപ്പടെയുള്ള തുകയുടെ 25 ശതമാനം ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃവിഹിതമായി ഈടാക്കണമായിരുന്നു. അധികമായി അനുവദിച്ച സബ്സിഡി ₹19140/-ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

### 3-4 ജൈവവള വിതരണം-കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതുമൂലം ₹350000/- അധിക ചെലവ്

ജൈവവളം വിതരണം (വേപ്പിൻ പിണ്ണാക്ക്) ചെയ്യുന്നതിനായി 2019-20 ൽ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടിൽ (പ്രോജക്ട് നം. 78/2020) കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വേപ്പിൻ പിണ്ണാക്ക് വാങ്ങാതിരുന്നതിനാൽ ₹350020/-യുടെ അധിക ചെലവ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ബിൽ നം/വൗച്ചർ, ചെക്ക് നം /തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| ജൈവവള വിതരണം (78/2020) | 1476000/- (വികസന ഫണ്ട്-പൊതുവിഭാഗം), 792000/- (ഗുണഭോക്തൃ | 19100452009301077764 /14.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 316800 | കൃഷി ഓഫീസർ |

| | | | | |
|---|---|---|---|---|
| | വിഹിതം), 399000/- (തനത് ഫണ്ട്), ആകെ- 2667000/- | 21900921, 381627/15.01.2020 | ഗുണഭോക്തൃ വിഹിതം | 624360 |
| | | 19100452009301087607 /16.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 316800 |
| | | 19100452009301096184 /17.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 316800 |
| | | 19100452009301100426 /18.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 316800 |
| | | 19100452009301111166 /20.01.2020 | വികസന ഫണ്ട് (പൊതുവിഭാഗം) | 208800 |
| | | 21900942, JF3576099/22.01.2020 | തനത് ഫണ്ട് | 289080 |
| | | 21900943, JF3576099/22.01.2020 | തനത് ഫണ്ട് | 108000 |
| ആകെ | | | | 2497440 |

വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യുന്നതിനായി KBK01/2019-20 തി. 11.08.2019ൽ ഇംഗ്ലീഷ് ദിനപത്രത്തിൽ ഉൾപ്പെടെ വ്യാപക പ്രചാരണം നൽകി ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുകകൾ ക്വോട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | ഒരു കിലോയ്ക്ക് ക്വോട്ട് ചെയ്ത നിരക്ക് (₹) |
|---|---|---|
| 1 | കൊച്ചിൻ ഓർഗാനിക് ന്യൂട്രിയന്റ്സ് & ഇൻപുട്സ്, തൃശ്ശൂർ | 22.70 |
| 2 | കൃപ ബോൺ ഇൻഡസ്ട്രീസ് | 23.48 |
| 3 | ചിറ്റൂർ അഗ്രിക്കൾച്ചർ കോഓപ്പറേറ്റീവ് സൊസൈറ്റി | 22.75 |
| 4 | സൗതേൺ കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ്, ചങ്ങനാശേരി | 25.02 |
| 5 | അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല | 26.40 |
| 6 | പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റി | 28.00 |
| 7 | കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രി | 28.70 |

15.09.2019 ലെ 7/4 തീരുമാനപ്രകാരം L5 ആയ അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല (₹2640/100kg) എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്തിട്ടുള്ളത് കൊച്ചിൻ ഓർഗാനിക്ക് & ന്യൂട്രിയന്റ് കമ്പനി, തൃശ്ശൂർ (₹2270/100kg) എന്ന സ്ഥാപനമാണ്. ഇടുക്കി ജില്ലയിലെ ഉല്പാദന, മൊത്തവിതരണ ലൈസൻസ് ഉള്ള സ്ഥാപനം ആയിരിക്കണമെന്ന ടെണ്ടർ നിബന്ധന (നം.13) പാലിച്ചിട്ടുള്ളത് അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല എന്ന സ്ഥാപനമായതിനാലാണ് കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതെന്നാണ് ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. സ.ഉ(കൈ)22/2018/തസ്വഭവ തിയതി. 15.02.2018 ലെ ഖണ്ഡിക 6.1.1 പ്രകാരം കാർഷികകർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ/അയൽക്കൂട്ടങ്ങൾ, ജോയിന്റ്

ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് വളങ്ങൾ വാങ്ങുന്നതിനും അല്ലാത്തപക്ഷം ലോക്കൽ പർച്ചേസ് നടത്തുന്നതിനും ആണ് അനുമതി നൽകിയിട്ടുള്ളത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും കൃഷിവകുപ്പ്, ശുചിത്വമിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളങ്ങൾക്ക് മുൻഗണന നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രാദേശിക ചെറുകിട ഉല്പാദക സംഘങ്ങളെ/ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജൈവവളം വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി ഗ്രാമപഞ്ചായത്ത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

ഇടുക്കി ജില്ലയിലെ ഉല്പാദന, മൊത്തവിതരണക്കാരായിരിക്കണം എന്ന നിബന്ധന ടെണ്ടറിൽ ഉൾപ്പെടുത്തിയതു വഴി കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുമായിരുന്ന ജൈവവളത്തിന് അധിക നിരക്ക് നൽകേണ്ടി വന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വളങ്ങളും കീടനാശിനികളും ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു ജില്ലയ്ക്കായി മാത്രമായല്ലാതെ സംസ്ഥാനത്തിന് മുഴുവൻ ബാധകമാക്കിയാണ് അനുമതി നൽകുന്നത്. അതിനാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയ നടപടി ക്രമപ്രകാരമല്ല. പ്രോജക്ടുകളുടെ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08/04.12.2021) കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയ്ത സ്ഥാപനങ്ങൾ വളങ്ങളുടെ സാമ്പിൾ ഹാജരാക്കാത്തതിനാലാണ് ടെണ്ടറുകൾ നിരസിച്ചത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ, കൃഷി ഓഫീസറുടെ റിപ്പോർട്ടിലോ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിലോ സാമ്പിൾ ഹാജരാക്കാത്തതിനാലാണ് ടെണ്ടർ നിരസിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, കൃഷി ഓഫീസർ നൽകിയ മറുപടി അംഗീകരിക്കുന്നതിന് സാധിക്കില്ല. കൂടാതെ, മേൽ നിബന്ധന ഒഴിവാക്കിയാണ് 2020-21 ൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ജൈവവള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് 2019-20 ൽ ₹2497440/-യാണ് ചെലവഴിച്ചിട്ടുള്ളത്. അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമലയുടെ ഇൻവോയ്സുകൾ പ്രകാരം 94600 കിലോ വേപ്പിൻ പിണ്ണാക്കാണ് വാങ്ങിയിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വേപ്പിൻ പിണ്ണാക്ക് വാങ്ങാതിരുന്നതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹350020/-യുടെ അധിക ചെലവ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| കൊച്ചിൻ ഓർഗാനിക് ന്യൂട്രിയന്റ്സ് & ഇൻപുട്സ്, തൃശ്ശൂർ ക്വോട്ട് ചെയ്ത തുക | 22.70/കി.ഗ്രാം |
| അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല ക്വോട്ട് ചെയ്ത തുക | 26.40/കി.ഗ്രാം |
| വാങ്ങിയ വേപ്പിൻ പിണ്ണാക്ക് | 94600 കി. ഗ്രാം |
| കൊച്ചിൻ ഓർഗാനിക് ന്യൂട്രിയന്റ്സ് & ഇൻപുട്സ്, തൃശ്ശൂർ ചെയ്ത പ്രകാരം 94600കിലോയുടെ വില | ₹ 2147420 |
| അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല ക്വോട്ട് ചെയ്ത പ്രകാരം 94600കിലോയുടെ വില | ₹ 2497440 |
| അധികം നൽകിയ തുക | ₹ 350020 |

പ്രോക്യൂർമെന്റ് നിബന്ധനകൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതു മൂലം പഞ്ചായത്തിനുണ്ടായ അധിക ചെലവ് ₹350020/- ഉത്തരവാദിയായ കൃഷി ഓഫീസർ, ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### 3-5 ഗാർഹിക ടോയ്‌ലറ്റ് അറ്റകുറ്റപണി, അധിക തുക നൽകിയത്- നഷ്ടം ₹7200/

| | |
|---|---|
| പദ്ധതി നമ്പർ/പദ്ധതി | 149/19-20, ഗാർഹിക ടോയ്‌ലറ്റ് അറ്റകുറ്റപണി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഓ |
| അടങ്കൽ | ₹ 1168080/-<br>₹616240/-സംസ്ഥാന ഫണ്ട്<br>₹ 551840/-തനത് ഫണ്ട് |
| ചെലവ് | ₹1047300/-<br>₹557861/-സംസ്ഥാന ഫണ്ട്<br>₹489439/- തനത് ഫണ്ട് |
| വൗച്ചർ & ചെക്ക് നമ്പർ, തീയതി, തുക | 21900479, 1267679, 20.09.19, 191393/- |

| | |
|---|---|
| | 21900484, 128083,30.09.19, 183853/<br>21900485, 128084,30.09.19, 29814/<br>21900612,128102,25.10.19, 114287/-<br>21900613,128103,25.10.19 , 14907/-<br>21900611,357084,25.10.19, 115726/-21900923,3181628, 14.01.20, 110240/-<br>21900922,3181628,14.01.20, 130000/-<br>21900982,381632,31.01.20, 33920/-<br>21900983,381634,31.01.20, 4240/-<br>21900980,381632,31.01.20, 40000/-<br>21900981,381634,31.01.20, 5000/-<br>21901311,381688,30.03.20, 5000/-<br>21901312,381688,30.03.20, 4240/<br>21901291,381684,29.03.20, 25440/<br>21901292,381687,29.03.20, 4240/<br>21901293,381684,29.03.20, 30000/<br>21901294,381687,29.03.20, 5000/ |
| ആകെ | ₹ 1047300/- |

2019-20 ൽ വി.ഇ.ഓ നിർവ്വഹണം നടത്തിയ ഗാർഹിക ടോയ്ലറ്റ് അറ്റകുറ്റപണി എന്ന പദ്ധതി പ്രകാരം 111 (നൂറ്റി പതിനൊന്ന്) ഗുണഭോക്താക്കൾക്കായി 1047300- രൂപ നൽകിയിട്ടുണ്ട്. ബഹു ഇടുക്കി ജില്ലാ കളക്ടറുടെ 21/01/2019 ലെ ഉത്തരവ് നമ്പർ 312/PBIG/2018/IDK പ്രകാരം ഒരു വ്യക്തിക്ക് പരമാവധി ₹9240/- മാത്രമാണ് നൽകാവുന്നത്. എന്നാൽ ഇവിടെ 69 ഗുണഭോക്താക്കൾക്ക് ₹9420/- വീതവും 42 ഗുണഭോക്താക്കൾക്ക് ₹9240/- വീതവും തുക നൽകിയിട്ടുണ്ട്. 69 ഗുണഭോക്താക്കൾക്ക് ₹180/- വീതം അധികം നൽകിയതിൽ 29 പേർ ₹180/- തിരികെ അടവാക്കിയിട്ടുണ്ട്. 40 ഗുണഭോക്താക്കൾ തിരികെ അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച എൻക്വയറി നം. 6 ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക ₹ 7200/- (40 * 180) ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക ഗുണഭോക്താക്കൾ തിരികെ ഒടുക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | വാർഷിക ഓഡിറ്റിനൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 34462 | ലൈഫ് വിഹിതം | 34462 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2295538 | ലൈഫ് വിഹിതം | 2295538 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | സ്കോളർഷിപ്പ് | 300000 | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹17760000/- വരവുണ്ട്. മുൻബാക്കി ₹10151194/- ഉൾപ്പെടെ ₹ 27911194/-യിൽ ₹26751194/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാധാ) 322/ 2010/തസ്വഭവ തി. 29.01.2010 | 15000000 | 1500000 | | 1500000 | | - |
| ജവഹർ ഭവന പദ്ധതി | സ.ഉ (സാധാ) 1577/15/ തസ്വഭവ തി.27.05.2015 | 15000000 | 10500000 | | 1500000 | 439220 | 9000000 |
| ലൈഫ് മിഷൻ | | 40360000 | - | 17760000 | 3676471 | | 54443529 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 500000 |
| ആകെ | 500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം-സർട്ടിഫിക്കറ്റ് നം.052 | 23.03.2020 | 12 മാസം (7.8 %) | 500000 | 30.03.2021 ൽ പുതുക്കി |
| | ആകെ | | | 500000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹5722/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-3 | 5722 | ശ്രീ. ആർ വെള്ളയ്യൻ, സെക്രട്ടറി | 119100100521/22.05.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2003-04 | | ഡ്രാക്ടറിന് അധിക ചെലവ് ₹8570/- | തൽസ്ഥിതി തുടരുന്നു |
| 2000-01 | 39 | 2003-04 | 6.3.2 | കറന്റ് ചാർജ്ജ് ₹27876 | തൽസ്ഥിതി തുടരുന്നു |
| 2006-07 | 2-7 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് കൊടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്-ഷോപ്പിംഗ് കോംപ്ലക്സ് ഉക്കുപാലം മാർക്കറ്റ്-നഷ്ടം 7527/- | തൽസ്ഥിതി തുടരുന്നു |
| 2007-08 | 3-4 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം-കെ.എസ്.ഇ.ബി, എസ്.എസ്.എ, ഊർജ സുരക്ഷ മിഷൻ – 608047/- | തൽസ്ഥിതി തുടരുന്നു |
| 2008-09 | 3-12 | 2011-12 | 2-4 | വരുമാന പരിധിയിലും ഉയർന്ന വരുമാനമുള്ളവർക്ക് ആനുകൂല്യം നൽകി-₹2000/- | തൽസ്ഥിതി തുടരുന്നു |
| | അനുബന്ധം 2 | 2014-15 | | നിഷ്ക്രിയ ആസ്തികൾ-അവലോകന റിപ്പോർട്ട് | തൽസ്ഥിതി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി-അപാകതകൾ | തൽസ്ഥിതി തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങൾ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാദ്ധ്യത | റിമാർ ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1998-99 | 28 | പി.റ്റി. ഏലിയാമ്മ | LF9391/Spl. Cell./SC2002 /8/10/02 | 4548 | | | | | | 4548 | |
| | | 30 | “ | LF9391/Spl. Cell./SC2002 /8/10/02 | 517 | | | | | | 517 | |
| | | 31 | “ | LF9391/Spl. Cell./SC2002 /8/10/02 | 2250 | | | | | | 2250 | |
| | | 32 | “ | LF9391/Spl. Cell./SC2002 /8/10/02 | 539 | | | | | | 539 | |
| | | 33 | “ | LF9391/Spl. Cell./SC2002 /8/10/02 | 7425 | | | | | | 7425 | |
| | | 34 | “ | LF9391/Spl. Cell./SC2002 /8/10/02 | 2946 | | | | | | 2946 | |
| | 2000-01 | 21 | പി ഡി രവീന്ദ്രൻ | LF 11295/Spl. Cell.SC2/05 /20.06.06 | 2820 | | | WP(C)/1870 /20/09 | | | 2820 | |
| | 2000-01 | 25 | “ | LF 11295/Spl. Cell.SC2/05 /20.06.06 | 8050 | | | WP(C)/1870 /20/09 | | | 8050 | |
| | 2000-01 | 38 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | 48701 | | | WP(C)/1870 /20/09 | | | 48701 | |
| | 2000-01 | 39 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | 48701 | | | WP(C)/1870 /20/09 | | | 48701 | |
| | 2000-01 | 45 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | 6394 | | | WP(C)/1870 /20/09 | | | 6394 | |
| | 2000-01 | 48 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | | | | | | | | |
| 1 | 2001-02 | 2-2 2-11, 2-14(2) | പി ഡി രവീന്ദ്രൻ | LF 6903/06 DT 25/05 | 242000 | - | - | - | - | - | 242000 | - |
| 2 | 2005-06 | 3-4 | എൻ.ജെ. ജോസഫ് | LF 1781/Spl. Cell./SC2/08/ 13.5.10 | 2158 | - | - | - | - | - | - | - |
| | “ | “ | കെ.എം. ഉഷാനന്ദൻ | LF 1781/ Spl. Cell./ SC2/08/ 13.5.10 | 2159 | | | | | | 2159 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹32926943.00 |
| വരവ് | : | ₹114687396.00 |
| ആകെ | : | ₹147614339.00 |

| | | |
|---|---|---|
| ചെലവ് | : | ₹130143605.00 |
| നീക്കിയിരിപ്പ് | | ₹17470734.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 419375 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5006208 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 32062 | ശ്രീമതി. അജിത.പി. കുമാരൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 9282 | ശ്രീമതി. അജിത.പി. കുമാരൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 19140 | ശ്രീ. ബ്രൈറ്റ്മോൻ പി.<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | | 350020 | ₹19455/-ശ്രീമതി. അശ്വതി ടി വാസു,<br>കൃഷി ഓഫീസർ<br>ഭരണസമിതി അംഗങ്ങൾ<br>19445/- ശ്രീമതി വിജി ഷാജി<br>19445/- ശ്രീ. എം.എ. സിദ്ദിഖ് മുഹമ്മദ് കുഞ്ഞ്<br>19445/- ശ്രീ. ബിജു തകടിയിൽ<br>19445/- ശ്രീമതി. സിന്ധു മോഹൻദാസ്<br>19445/- ശ്രീ. പി.എസ്. ഷംസുദ്ദീൻ മുഹമ്മദ് സെയ്ത്<br>19445/- ശ്രീമതി. അനിത മോഹനൻ<br>19445/ ശ്രീ. ശിവപ്രസാദ്, താന്നിപ്പാറ<br>19445/- ശ്രീമതി. വിനീത കുന്നത്ത് ചന്ദ്രൻ<br>19445/- ശ്രീ. റ്റോമി പ്ലാവുവച്ചതിൽ<br>19445/- ശ്രീമതി. രേണുക ഗോപാലകൃഷ്ണൻ<br>19445/- ശ്രീ. സേവ്യർ ജോൺ<br>19445/- ശ്രീ. സി.എം. ബാലകൃഷ്ണൻ അഴകൻ<br>19445/- ശ്രീ. ജോൺ കാക്കനാട്ട് ജോർജ്<br>19445/- ശ്രീമതി. രഞ്ജുമോൾ, താന്നിക്കൽ<br>നിർമ്മലൻ<br>19445/- ശ്രീമതി. അമ്പിളി സിബി<br>19445/- ശ്രീമതി ജെസ്സിമോൾ കുര്യൻ<br>19445/- ശ്രീമതി. ബിനുത ചന്ദ്രൻ |
| 3-5 | | 7200 | ശ്രീ. മനോജ് എ.സി, വി ഇ ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 17,49,600 | ശ്രീ. മനോജ് എ.സി, വി.ഇ.ഓ |
| 1-20 | 3195000 | ശ്രീ. ബ്രൈറ്റ്മോൻ പി. അസി. സെക്രട്ടറി |
| 1-21 | 61608 | ശ്രീ സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 1671 | ശ്രീമതി. അജിത.പി. കമാരൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മനോജ് എ.സി, വി.ഇ.ഓ | വി.ഇ.ഓ, പീരുമേട് ഗ്രാമപഞ്ചായത്ത് | അശ്വതി വിലാസ്, പീരുമേട് പി.ഓ |
| ശ്രീ സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി | സെക്രട്ടറി, കരുണാപുരം ഗ്രാമപഞ്ചായത്ത് | നരിക്കുഴിയിൽ വീട്, ചേമ്പളം പി.ഒ. നെടുങ്കണ്ടം |
| ശ്രീമതി. അജിത.പി. കുമാരൻ അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, സേനാപതി ഗ്രാമപഞ്ചായത്ത് | സായ് സദനം, രാജാക്കാട് പി.ഒ. 685566 |
| ശ്രീ. ബ്രൈറ്റ് മോൻ പി.<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി<br>കരുണാപുരം ഗ്രാമപഞ്ചായത്ത് | ബ്രൈറ്റ് ഹൌസ്,<br>കൊച്ചറ പി.ഒ. -686551 |
| ശ്രീമതി. അശ്വതി. ടി. വാസു, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കല്ലർക്കാട് ഗ്രാമപഞ്ചായത്ത് | വിജയനിവാസ്, സി.എം.സി.15, ചേർത്തല, ആലപ്പുഴ. |
| ഭരണ സമിതി അംഗങ്ങൾ | മെമ്പർ വാർഡ് 1 | ശ്രീമതി വിജി ഷാജി,<br>ബ്ലോക്ക് നം. 439, ഉക്കുപാലം, കല്ലാർ-685552 |
| | മെമ്പർ വാർഡ് 2 | ശ്രീ. എം.എ. സിദ്ദിഖ് മുഹമ്മദ് കുഞ്ഞ്<br>ബ്ലോക്ക് നം. 1155, പ്രകാശ്ഗ്രാം, ബാലഗ്രാം -685552 |
| | മെമ്പർ വാർഡ് 3 | ശ്രീ. ബിജു തകടിയിൽ<br>തകിടിയിൽ, ചോറ്റുപാറ 685552 |
| | മെമ്പർ വാർഡ് 4 | ശ്രീമതി. സിന്ധു മോഹൻദാസ്<br>പതപ്പള്ളിൽ, രാമക്കൽമേട്- 685552 |
| | മെമ്പർ വാർഡ് 5 | ശ്രീ. പി.എസ്. ഷംസുദ്ദീൻ മുഹമ്മദ് സെയ്ത്<br>പടിഞ്ഞാറേചാലിൽ, രാമക്കൽമേട്-685552 |
| | മെമ്പർ വാർഡ് 6 | ശ്രീമതി. അനിത മോഹനൻ<br>ബ്ലോക്ക് നം. 1039, എടത്തറമുക്ക് , കൂട്ടാർ -685552 |
| | മെമ്പർ വാർഡ് 7 | ശ്രീ. ശിവപ്രസാദ് താന്നിപ്പാറ<br>കൊല്ലംതറയിൽ<br>താന്നിപ്പാറ, കരുണാപുരം-685551 |
| | മെമ്പർ വാർഡ് 8 | ശ്രീമതി. വിനീത കുന്നത്ത് ചന്ദ്രൻ<br>പുള്ളിയിൽ, കരുണാപുരം-685552 |
| | മെമ്പർ വാർഡ് 9 | ശ്രീ. റ്റോമി പ്ലാവുവച്ചതിൽ<br>പ്ലാവുവച്ചതിൽ, കമ്പംമെട്ട്-685551 |
| | മെമ്പർ വാർഡ് 10 | ശ്രീമതി. രേണുക ഗോപാലകൃഷ്ണൻ<br>ഊറ്റുകുഴിയിൽ, കമ്പംമെട്ട്-685551 |
| | മെമ്പർ വാർഡ് 11 | ശ്രീ. സേവ്യർ ജോൺ, വള്ളിപ്പറമ്പിൽ, |

| | | |
|---|---|---|
| | | അച്ചക്കട, കമ്പംമെട്ട്-685551 |
| | മെമ്പർ വാർഡ് 12 | ശ്രീ. സി.എം. ബാലകൃഷ്ണൻ അഴകൻ<br>ചീനിക്കാലായിൽ, ചേറ്റുകുഴി, കൊച്ചറ-685551 |
| | മെമ്പർ വാർഡ് 13 | ശ്രീ. ജോൺ കാക്കനാട്ട് ജോർജ്<br>പുത്തൻപറമ്പിൽ, അപ്പാപ്പിക്കട, കൊച്ചറ<br>-685551 |
| | മെമ്പർ വാർഡ് 14 | ശ്രീമതി. രഞ്ജുമോൾ, താന്നിക്കൽ നിർമ്മലൻ<br>പടിഞ്ഞാറേക്കര, പോത്തിൻകണ്ടം,<br>കുഴിത്തൊളു-685551 |
| | മെമ്പർ വാർഡ് 15 | ശ്രീമതി. അമ്പിളി സിബി<br>കറ്റത്തറയിൽ, കുഴിത്തൊളു-685551 |
| | മെമ്പർ വാർഡ് 16 | ശ്രീമതി ജെസ്സിമോൾ കുര്യൻ<br>പുന്നവേലിൽ, കുഴികണ്ടം, കുഴിത്തൊളു-685551 |
| | മെമ്പർ വാർഡ് 17 | ശ്രീമതി. ബിനത ചന്ദ്രൻ<br>പടിഞ്ഞാറേപുതുപ്പറമ്പിൽ, കൂട്ടാർ-685552 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 | Ksa-Idk 12/207/18 Dt18/01/18 | 6 | 28,30,31,32,33,34 |
| 2000-01 | Ksa-Idk 12/207/18 Dt18/01/18 | 5 | 21,25,38,39,45,48 |
| 2001-02 | Ksa-Idk 12/207/18 Dt18/01/18 | 2 | 2-2-11,2-14-2 |
| 2005-06 | Ksa-Idk 12/207/18 Dt18/01/18 | 1 | 3-4 |
| 2006-07 | LFI.12/511/15 Dt 01/07/2015 | 7 | 2-1,2-2,2-3,3-1,3-2,3-3,3-4 |
| 2007-08 | LFI12/1029/2011dt 14/10/11 | 22 | 2-1മുതൽ2-14, 3-1 മുതൽ3-8 |
| 2008-09 | LFI12/725/12 Dt22/01/14 | 25 | 2-1 മുതൽ<br>2-12,3-1to3-4,3-6to3-15 |
| 2009-10 | LFI 12/726/2/12DT21/03/13 | 13 | 2-1,2-3,2-4,2-5,2-6,2-7,3-1,<br>3-2,3-3,3-6,3-7,3-8,3-9 |
| 2010-11 | LFA-12/23/14 Dt10/9/14 | 16 | 2-1,2-2,2-4,3-1,3-2,3-3,<br>3-4,3-5,<br>3-6,3-7,3-8,3-9,3-10,<br>3-11,3-12,3-13 |
| 2011-12 | LFI 12/1292/14 | 8 | 2-1,2-2,2-3,2-4,3-1,<br>3-2,3-3,3-4 |
| 2012-13 | LFI 12/511/15 | 7 | 2-1,2-2,2-3,3-1,<br>3-2,3-3,3-4 |
| 2013-14 | KSA IDK 12/91/2016 Dt 31/05/16 | 7 | 2-1,2-2,2-3,3-1,<br>3-2,3-3,3-4 |
| 2014-15 | KSA-IDK12/1144/16 | 6 | 2-1,3-1,3-2,3-3,3-4,3-5 |
| 2015-16 | KSA IDK 12/450/17dt 11/4/2017 | 12 | 2-1,2-2,2-3,2-4,<br>2-5,3-1,3-2,<br>3-3,3-4,3-5,3-6,3-7 |
| 2016-17 | KSA-IDK 12/1509/17 Dt2/11/17 | 11 | 2-1,2-2,2-3,2-4,<br>2-5,3-1,3-2,<br>3-3,3-4,3-5,3-6 |
| 2017-2018 | കെ എസ് എ. ഐ ഡി കെ. 12/ 1167/2018<br>തീയതി 30.10.2018 | 1 | 3-8 |
| 2018-19 | കെ എസ് എ. ഐ ഡി കെ. 12/ 860/2020<br>തീയതി 16.11.2020 | 15 | 1-11 മുതൽ 1-25 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്